# SSLC Model Question Paper March - 2021
# Malayalam-Paper_I

Time :1 1/2 മണിക്കൂർ　　　　　　　　　　　　　　　　Total score_ 40

PREPARED BY SURESH ARIPPAREEKODE, GHSS AREEKODE

പൊതു നിർദ്ദേശങ്ങൾ

- ആദ്യത്തെ 20 മിനുട്ട് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 6 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം:**

1. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
   ദൃഷ്ടമീ വടിവിയന്ന വന്നപോൽ
   - അടിവരയിട്ട ശബ്ദം കാവ്യസന്ദർഭത്തിൽ വരുത്തുന്ന ഭാവം എന്ത്?
   a. ആശ്വാസം
   b. നിരാശ
   c. അത്ഭുതം
   d. കരുണ

2. 'പഞ്ചഭൂതകനിർമ്മിതം' എന്ന പദത്തിന്റെ വിഗ്രഹാർത്ഥം എന്ത് ?
   a. പഞ്ചഭൂതങ്ങൾ കൊണ്ട് നിർമ്മിതം
   b. പഞ്ചഭൂതങ്ങളുടെ നിർമിതം.
   c. പഞ്ചഭൂതത്താൽ നിർമിതം.
   d. പഞ്ചവും ഭൂതവും കൊണ്ട് നിർമ്മിച്ചത്.

3. 'ആ ഒന്നാമത്തെ  അപകടം അങ്ങനെ കഴിഞ്ഞു.' ഇവിടെ അപകടമായി സൂചിപ്പിക്കുന്നതെന്ത് ?
   a. തിരുകുറ്റിയുടെ ശബ്ദം കേട്ട് മെത്രാൻ ഉണർന്നു.
   b.തിരുകുറ്റിയുടെ ശബ്ദം കേട്ട് പൂച്ച കരഞ്ഞു.
   c.തിരുകുറ്റിയുടെ ശബ്ദം കേട്ട് ആരും ഉണർന്നില്ല.
   d. ശബ്ദം കേട്ട് പരിചാരിക ഉണർന്നെങ്കിലും അവിടെ തന്നെ കിടന്നു.

4. "കൊടുത്തതു മാത്രമേ നേടാനൊക്കൂ , അല്ലേ സുധീർ " - ഈ വരിയുടെ ആശയത്തിന് അനുയോജ്യമായ പഴഞ്ചൊല്ല് കണ്ടെത്തുക?
   a. വിത്തു ഗുണം പത്തു ഗുണം
   b. വിതച്ചതേ കൊയ്യൂ .

c.താൻ പാതി ദൈവം പാതി

d. അത്യാഗ്രഹം ആപത്ത് .

5. "കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ " - ഈ വരികളുടെ ആശയവുമായി ചേരാത്തത് ഏത് ?

a. എല്ലാ കവിതകളുടെയും ഭാവതലം സാർവലൗകികമാണ്.

b. കവിതകൾ ആവിഷ്കരിക്കുന്നത് വികാരവിചാരങ്ങളാണ്.

c. ലോകമെമ്പാടുമുള്ള കവികളുടേത് സ്നേഹത്തിന്റെ ഭാഷയാണ്.

d. കവികൾക്ക് എല്ലാ ഭാഷയും വഴങ്ങും.

6. "പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോവുന്നു "- വെള്ളായിയപ്പന്റെ ജീവിതവുമായി ബന്ധപ്പെട്ട് ഏറ്റവും അനുയോജ്യമായത് ഏത് ?

a. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെയാണ് വെള്ളായിയപ്പൻ നടന്നത്.

b. തിരിച്ചു വരാത്ത, ജീവിതത്തിൽ നിന്ന് അകന്ന് പോകുന്ന മകന്റെ ചിത്രം.

c. ദു:ഖമുള്ളവർ എല്ലാം നടന്ന് തഴമ്പായ ചവിട്ടടിപ്പാതയാണ്.

d. മകനെ കാണാൻ പോകുന്ന വെള്ളായിയപ്പന് ഏറെ ദു:ഖമുണ്ടയിരുന്നു.

**[ 7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് 2 മാർക്ക് വീതം ]**

7. "അൻപുതങ്ങന്യരോടു ബന്ധമാ,ബന്ധങ്ങൾ
നൻപെന്ന മഹിത സൗഭാഗ്യം " - വരികളുടെ ആശയം രണ്ട് വാക്യത്തിൽ കുറിക്കുക.?

8. സുധീർ, മിസ്സിസ് തലത്തിന്റെ <u>അടുത്ത് പോയി</u>

സുധീർ, മിസ്സിസ് തലത്തിനെ കണ്ട് <u>നിന്നു പോയി</u> . അടിവരയിട്ട പദങ്ങൾക്കുണ്ടാകുന്ന അർത്ഥവ്യത്യാസം കുറിക്കുക ?

9. "എനിക്കതിനെ വിശ്വാസമില്ല.ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി." ഇതാരുടെ സംഭാഷണ ശകലമാണ്.? സൂചനയെന്ത് ?

10.ജയോയമജയാകാരോ, ജയസ്തസ്മാൽ പരാജയ: -(യുദ്ധത്തിന്റെ പരിണാമം)

- വരികളുടെ അർത്ഥം കണ്ടെത്തി എഴുതുക.?

11. "കടൽത്തീരത്ത് " എന്ന കഥയിലെ വെള്ളായിയപ്പന്റെ '*രണ്ടു യാത്രകൾ*' കഥയുടെ ഭാവതീവ്രത വർധിപ്പിക്കാൻ സഹായിക്കുന്നു. രണ്ട് യാത്രകൾ ഏതെന്ന് കണ്ടെത്തി കുറിക്കുക.?

**12 മുതൽ 21 വരെ ചോദ്യങ്ങൾക്ക് 4 സ്കോർ വീതം:**

12. "ആ ചരടുകളെല്ലാം കൂടി കെട്ടിപ്പിണഞ്ഞ് ,ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു". ( ആത്മാവിന്റെ വെളിപാടുകൾ).

ചരടുകളെ പൊട്ടിച്ചെറിയാനാണോ അതോ സദൃഢം വിളക്കിചേർക്കാനാണോ ദസ്തയേവ്സ്കി ശ്രമിച്ചത്.പാഠഭാഗത്തെ അടിസ്ഥാനമാക്കി ദസ്തയേവ്സ്കിയുടെ ജീവിത ദർശനത്തെ വിലയിരുത്തുക?

13. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ

PREPARED BY :SURESH AREEKODE GHSS AREEKODE

കഴുത്തിൽ ചുറ്റിമുറുകി."

"കാക്ക കരച്ചിലോടെ മുകളിൽ ആകാശങ്ങൾ തെളിഞ്ഞു."

-ഗദ്യഭാഷയുടെ കാവ്യാത്മകത "കടൽത്തീരത്ത്"എന്ന കഥയെ കൂടുതൽ ആഖ്യാനമികവുള്ളതാക്കുന്നു. ഉദാഹരണങ്ങൾ കണ്ടെത്തി സമർഥിക്കുക.?

14. ധീരനായ യതി നോക്കി തന്വിതൻ
ഭൂരി ബാഷ്പ പരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം .(പ്രിയദർശനം _ ആശാൻ)

- കാവ്യഭാഗത്തിലെ ചമൽക്കാരഭംഗി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

15."നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നതിൽ മഹാകവി കാളിദാസൻ കൃതഹസ്തനാണ് ". 'ഋതുയോഗം 'എന്ന നാടക ഭാഗത്തെ അടിസ്ഥാനമാക്കി കളിദാസന്റെ രചനാ തന്ത്രങ്ങൾ വിശദമാക്കുക?

16. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്യിലും കൂടി ആവശ്യമില്ല."

"സ്നേഹിതാ - മെത്രാൻ പറയാൻ തുടങ്ങി: നിങ്ങൾ പോകുന്നതിനു മുമ്പ്, ഇതാ നിങ്ങളുടെ മെഴുകുതിരിക്കാലുകൾ;എടുക്കാം".

വരികളിലെ ജീവിതവീക്ഷണം പരിഗണിച്ച് - 'മെത്രാൻ മാനവികതയുടെ പ്രതിരൂപം എന്ന പ്രസ്താവനയുടെ' പൊരുൾ വിലയിരുത്തുക?

17. പുഷ്കരാ, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.

- ജന്മം നിഷ്ഫലമാകാതിരിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണ് കലി, പുഷ്കരോട് ഉപദേശിക്കുന്നത്?

18."കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടിയുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവും മായിത്തീരുകയുള്ളൂ." -(വിശ്വരൂപം - ലളിതാംബിക അന്തർജനം ).

കഥയെ അടിസ്ഥാനമാക്കി താഴത്തു കുഞ്ഞിക്കുട്ടിയമ്മ (മിസ്സിസ്സ് തലത്ത് )യുടെ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.?

19." അതിനെ അവനെ എപ്പോഴും എവിടെയും കരുതിയിരിന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിനർത്ഥം ". (യുദ്ധത്തിന്റെ പരിണാമം - കുട്ടികൃഷ്ണമാരാർ ).

പ്രസ്താവന വിലയിരുത്തി അശ്വത്ഥാമാവിന്റെ കഥാപാത്ര നിരൂപണം തയ്യാറാക്കുക.?

20. " ക്രോധം പരിത്യജിക്കേണം ബുധജനം' '_ എഴുത്തച്ഛന്റെ വരികളുടെ അടിസ്ഥാനത്തിൽ ക്രോധം വരുത്തി വെക്കുന്ന വിനകൾ എന്തെല്ലാമെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.?

21. "പരലോകത്ത് വെച്ച് ഇഹലോക കർമങ്ങളെ വിചാരണക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു." (പാവങ്ങൾ - വിക്ടർ ഹ്യൂഗോ).

PREPARED BY :SURESH AREEKODE GHSSAREEKODE

-ഴാങ് വാൽ ഴാങ് അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ വിവരിക്കാൻ ഈ ഭാഗത്തിന് കഴിയുന്നുണ്ടോ? സ്വാഭിപ്രായം സ്ഥാപിക്കുക?

**22 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 6 സ്കോർ വീതം:**

22. "ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു.അമ്പലത്തിലെ നട തുറക്കുമ്പോൾ കാത്തിരിക്കുന്നതു പോലെ "- (കടൽത്തീരത്ത്)

"ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരനിൽ നിന്ന് ഏറ്റുവാങ്ങി".

-പിതൃപുത്ര ബന്ധത്തിന്റെ ഭാവതീവ്രത ആവിഷ്കരിക്കാൻ കഥാകൃത്തിന് സാധിച്ചിട്ടുണ്ടോ? നിരൂപിക്കുക.?

23. 'മൈക്കലാഞ്ചലോ മാപ്പ്' എന്ന കവിതയിലെ പ്രമേയം, മാനവികത, ആവിഷ്കാരഭംഗി,പ്രയോഗ സവിശേഷതകൾ എന്നിവ ഉൾക്കൊള്ളിച്ച് ഒരാസ്വാദനം തയ്യാറാക്കുക.?

24. സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതുവിദ്യയും (അധ്യാത്മരാമായണം കിളിപ്പാട്ട് - എഴുത്തച്ഛൻ )

- കവിയുടെ ജീവിത ദർശനം കാലാതീതമാണ്.'ലക്ഷ്മണസാന്ത്വനം' എന്ന കവിതയെ അടിസ്ഥാനമാക്കി 'എഴുത്തച്ഛൻ തത്വപ്രബോധകനായ കവി' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക?

25. വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽ ദലകുലം

തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ.

- (മലയാള ശാകുന്തളം -എഴാം അങ്കം - എ.ആർ.രാജരാജവർമ്മ ).

കാളിദാസന്റെ അലങ്കാര കല്പനകൾ "ഋതുയോഗം" നാടകഭാഗത്തെ ഏറെ ആസ്വാദ്യമാക്കുന്നു. ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.?

-------------------------------------

PREPARED BY :SURESH AREEKODE GHSS AREEKODE

PREPARED BY :SURESH AREEKODE.PH:9562521509

**VISIT MY YOUTUBE : *mukulam malayalam* for AT and BT video lessons,model questions,question paper analysis.PDF notes and question pools on focus area.**